LIBRARY ARCHIVES Kerala Legislative Assembly

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിന് നടപടി

269 (1694) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനു വേണ്ടി (Proection of Children from Sexual Offences)പി.ഒ.സി.എസ്.ഒ. (POCSO.) ഡിവിഷനുകൾ ആരംഭിക്കുന്നതിനുവേണ്ടി എത്ര രൂക നടപ്പ് ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ ;

(ബി) ഈ ഡിവിഷന്റെ പ്രവർത്തന അധികാര ഘടനാ വിവരങ്ങൾ വിശദമാക്കാമോ ;

(സി) നാളിതുവരെ എത്ര രൂക ഡിവിഷൻ ആരംഭിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കാമോ ;

(ഡി) കേന്ദ്ര സർക്കാറിന്റെ ഏതെങ്കിലും തരത്തിലുള്ള സഹായം ഈ പദ്ധതിക്ക് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) ആയതിന് വേണ്ടി എന്തെങ്കിലും തരത്തിലുള്ള ശ്രമം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ 21-5-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 375/2014/എസ്.ജെ.ഡി. പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) പോക്സോ മോണിറ്ററിംഗ് സംവിധാനത്തിലൂടെ പോലീസ്, ചൈൽഡ് വെൽഫയർ കമ്മിറ്റി, പ്രത്യേക കോടതികൾ എന്നിവിടങ്ങളിൽ നിന്നും ബാലാവകാശ കമ്മീഷന് ലഭിക്കുന്ന വിവരങ്ങൾ സൂക്ഷ്മമായും അവധാനതയോടും കമ്മീഷൻ വിലയിരുത്തുകയും ആവശ്യമായ ഇടപെടലുകൾ നടത്തി വരികയും ചെയ്യുന്നു. ഹൈക്കോടതിയുടെ അനുമതിയോടു കൂടിയാണ് പ്രത്യേക കോടതികളിൽ നിന്നും വിവരം ശേഖരിക്കുന്നത്. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഇടപെടൽ ആവശ്യമായ ഘട്ടങ്ങളിൽ ഇത്തരം വിഷയങ്ങൾ ക്രൈം റിവ്യൂ മീറ്റിംഗിൽ പ്രത്യേകം പരിഗണിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല, ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കേസ്സുകളിൽ ബന്ധപ്പെട്ട ചൈൽഡ് വെൽഫയർ

കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുവാൻ പോലീസിന് നിർദ്ദേശം നൽകുവാനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകൾക്ക് പുറമേ മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നുണ്ടോ എന്ന കാര്യം ടി കമ്മീഷൻ നിരീക്ഷിക്കുന്നുണ്ട്. പോക്സോ കേസുകൾ സമയബന്ധിതമായി വിചാരണ ചെയ്ത് അതാത് ജില്ലകളിൽ തീർപ്പാക്കുന്നതിനായി താരതമ്യേന ജോലി ഭാരം കുറഞ്ഞ സെഷൻസ് കോടതികളെ പോക്സോ ആക്ട് പ്രകാരമുള്ള പ്രത്യേക കോടതികളായി പുനർനാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടികൾ ഹൈക്കോടതി മുഖേന കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലെ പോക്സോ മോണിറ്ററിംഗ് സെൽ കമ്മീഷനിലെ ഒരംഗത്തിന്റെ ചുമതലയിലും കമ്മീഷൻ രജിസ്ട്രാറുടെ നേതൃത്വത്തിലുമാണ് പ്രവർത്തിക്കുന്നത്. ടി സെല്ലിൽ സെക്ഷൻ ഓഫീസർക്കും സീനിയർ കൺസൾട്ടന്റിനും പുറമേ ഒരു ലീഗൽ അനലിസ്റ്റ്, രണ്ട് കേസ് വർക്കർമാർ, ഒരു ഡി.റ്റി.പി. ഓപ്പറേറ്റർ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) നാളിതുവരെ 17,90,145 രൂപ പോക്സോ സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചിലവഴിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ പറയും പ്രകാരം വിശദമാക്കുന്നു :

നമ്പർ	ഇനം	ഹെഡ് ഓഫ് അക്കൗണ്ട്	തുക
1	വിവിധ പ്രവർത്തനങ്ങൾ	2235-02-102-53-34 ഒ.സി.(പി)	560560
2	ശമ്പളം	"	521254
3	വാഹന വാടക	"	128000
4	ഓഫീസ് ചെലവുകൾ	"	73233
5	ഓഫീസ് എക്യൂപ്മെന്റ്സ് & മെഷിനറി വാങ്ങിയത്	"	507098
		ആകെ	17,90,145

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപരിയായി കമ്മീഷൻ പ്രസിദ്ധികരിച്ച കുട്ടികളുടെ കൈപ്പുസ്തകം, പോക്സോ ആക്ട് സംബന്ധിച്ച കൈപ്പുസ്തകം എന്നിവയുടെ അച്ചടിക്കായി 52 ലക്ഷം രൂപ കൂടി ഈ സാമ്പത്തിക വർഷം ചെലവ് പ്രതീക്ഷിക്കുന്നു.

. (ഡി&ഇ) കമ്മീഷന്റെ പോക്സോ സെല്ലിന്റെ പ്രവർത്തനം കേരള സർക്കാരിന്റെ ഫണ്ട് മുഖാന്തരമാണ് നടക്കുന്നത്. കേന്ദ്ര സഹായം തേടുകയോ, ലഭിക്കുകയോ ചെയ്തിട്ടില്ല.

വയോമിത്രം പദ്ധതി

270 (1695) ശ്രീ. കെ. എൻ എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയോമിത്രം പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ബി) ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂർ സംഭാവന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക നൽകണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് ; എന്താണ് ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനം എന്ന് അറിയിക്കാമോ ;

(സി) ഈ നിർദ്ദേശം പ്രസ്തുത പദ്ധതിയെ ദോഷകരമായി ബാധിക്കുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ വിഹിതം വെട്ടിക്കുറയ്ക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറെടുക്കുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വയോമിത്രം പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ വയോജനങ്ങൾക്കും വരുമാന പരിധി മാനദണ്ഡമാക്കാതെ ആരോഗ്യ സംരക്ഷണം നൽകുക, മൊബൈൽ മെഡിക്കൽ കൃത്യുകളിലൂടെ ഒന്നിടവിട്ട ആഴ്ചകളിൽ വൈദ്യസഹായവും സൗജന്യമരുന്നുകളും ലഭ്യമാക്കുക, കൗൺസലിംഗ് സേവനം ലഭ്യമാക്കുക, പൂർണ്ണ ശയ്യാവലംബരായ വയോജനങ്ങളെ കണ്ടെത്തി വീടുകൾ ചെന്ന് പാലിയേറ്റീവ് സേവനങ്ങൾ നൽകുക എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly